"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വടവന്നൂർ വേലായുധൻ മെമ്മോറിയൽ എച്ച്.എസ്.എസ് - ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി ദേവിക പി.എസ് ഫയൽ ചെയ്ത WP(C)No.20935/2024 മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 11/06/2024 തീയതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.10024/2025/GEDN തീയതി,തിരുവനന്തപുരം, 03-12-2025

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ വടവന്നൂർ വേലായുധൻ മെമ്മോറിയൽ എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി ദേവിക പി.എസ് 20/05/2024 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P8).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 20935/2024 മേലുള്ള 11/06/2024 തീയതി വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/10/2024 തീയതിയിലെ ബി2/1705/2024 നമ്പർ കത്ത്
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 08/10/2024 തീയതിയിലെ DDEPKD/3513/2024-B4 നമ്പർ കത്ത്.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22/10/2024 തീയതിയിലെ ഇഎം1/18575/2024/ഡി.ജി.ഇ നമ്പർ കത്ത്.
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24/01/2025 തീയതിയിലെ ഇഎം1/25719/2024/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് വടവന്നൂർ വേലായുധൻ മെമ്മോറിയൽ എച്ച്.എസ്.എസ് - ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി ദേവിക പി.എസ് ഫയൽ ചെയ്ത WP(C)No.20935/24-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 11.06.2024 തീയതി വിധിന്യായത്തിൽ, ഹർജിക്കാരിയെയും അഞ്ചാം എതിർകക്ഷിയായ മാനേജരെയും കേട്ടശേഷം EXT P8(Revision Petition dated 20.05.2024) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 03.10.2024

തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

1 . **ഹർജിക്കാരിയായ ശ്രീമതി ദേവിക പി.എസ്.ന്റെ അപേക്ഷ ഇപ്രകാരമാണ്:**

1. പാലക്കാട് വടവന്നൂർ വി.എം. ഹയർ സെക്കൻഡറി സ്കൂൾ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്.
2. 15.07.2021 മുതൽ ശ്രീമതി. പി.എസ്.ദേവിക എന്നവരെ ഹൈസ്കൂൾ അസിസ്റ്റൻറ് ഇംഗ്ലീഷ് ആയി നിയമിച്ചിട്ടുള്ളതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുള്ളതാണ്. ഇതിനെതിരെ ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും നിരസിച്ചിട്ടുള്ളതാണ്. കൂടാതെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ 35520/2022 നമ്പറായി റിട്ട് ഹർജി സമർപ്പിക്കുകയും അതിൽ ഡയറക്ടറോട് എത്രയും പെട്ടെന്ന് തീർപ്പാക്കണം എന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ആണ്. ഡയറക്ടറുടെ 12.4.2024-ലെ ഉത്തരവിനെതിരെയാണ് സർക്കാർ മുമ്പാകെ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.
3. ഹൈസ്കൂളിൽ ഇംഗ്ലീഷ് തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ കുട്ടികൾ ഉണ്ടെന്ന് തസ്തിക ഉത്തരവിൽ നിന്നും വ്യക്തമാണ്. (17.07.2019 തീയതി 2019-20 അധ്യയന വർഷത്തിലെ തസ്തിക നിർണയ ഉത്തരവ് 09.08.2022 തീയതി 2022-23 അധ്യായന വർഷത്തിലെ തസ്തിക നിർണയ ഉത്തരവ്).
4. ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഉപഡയറക്ടറും നിയമന അംഗീകാരം നിരസിക്കുവാൻ പ്രധാനമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഹൈസ്കൂളിലെ സോഷ്യൽ സയൻസ് വിഭാഗത്തിൽ ഒരു സംരക്ഷിത അദ്ധ്യാപിക നിലവിലുണ്ട് എന്നതാണ്.
5. സബ്ജക്ട് അനുസരിച്ച് മാത്രമേ ഹൈസ്കൂൾ ക്ലാസുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്താവൂ എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി (2008(2) KLT 771) വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. സമാനകേസിൽ കേരള ഹൈക്കോടതിയും മിനി മോൾ Vs സ്റ്റേറ്റ് ഓഫ് കേരള (ILR 2012 (4) Ker 420) എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മേൽവിധി പിൻതുടർന്നിട്ടുള്ളത്. സമാനമായ കേസുകളിൽ സർക്കാർ ഇത് തുടർന്നിട്ടുള്ളതാണ്. (15895/A3/32010/പൊ.വിവ തിയ്യതി 31.03.2011-ലെ സർക്കാർ കത്ത്). 07.08.2018 തിയതി സ.ഉ.(സാധാ)നം.3032/2018/പൊ.വി.വ സമാന സാഹചര്യത്തിലുള്ള സർക്കാർ ഉത്തരവ്.
6. ശ്രീമതി പി.എസ്. ദേവിക എന്നവരെ നിയമിച്ചിട്ടുള്ളത് എച്ച്.എസ്.ടി.

ഇംഗ്ലീഷ് തസ്തികയിലാണ്. സോഷ്യൽ സയൻസ് അധ്യാപികയെ നിലനിർത്തുന്നത് നിയമപരമായി നിലനിൽക്കുന്നതല്ല. അതിനാൽ ശ്രീമതി പി.എസ്. ദേവിക എന്നവരുടെ നിയമനം നിരസിക്കുവാൻ പാടുള്ളതല്ല.

മേൽ സാഹചര്യങ്ങളും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി പി.എസ്. ദേവിക എന്നവരുടെ 15.7.2021 മുതൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് ആയുള്ള നിയമനം അംഗീകരിച്ചു നൽകുവാൻ ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**2. മാനേജരുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

പാലക്കാട് റവന്യു ജില്ലയിലെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന വേലായുധൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ഒരു സ്ഥിരം ഇംഗ്ലീഷ് എച്ച്.എസ്.ടി. തസ്തികയിൽ 15.07.2021 മുതൽ ശ്രീമതി ദേവിക പി.എസ്.നെ നിയമിക്കുകയുണ്ടായി.

ഈ നിയമനം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ,

1. ഈ ഒഴിവിലേക്ക് ചട്ടം 51ബി അവകാശിയായ ശ്രീമതി ലിൻസി ജോസഫിനെ തിരികെ വിളിക്കേണ്ടതാണെന്നും,

2. പുതുതായി തുടങ്ങിയ സ്കൂളെന്ന നിലയിൽ ഈ ഒഴിവ് സംരക്ഷിതാധ്യാപകരെക്കൊണ്ട് നികത്തണമെന്നും,

3. തസ്തിക നഷ്ടപ്പെട്ട് പുറത്തുനിൽക്കുന്ന എച്ച്.എസ്.ടി. (എസ്.എസ്) അധ്യാപകൻ ശ്രീ. അഭിലാഷിനെ ഈ തസ്തികയിലേക്ക് നിയമിക്കേണ്ടതാണ് എന്നീ മൂന്ന് മുഖ്യ കാരണങ്ങളാലും,

4. മെഡിക്കൽ, സ്വഭാവ സർട്ടിഫിക്കറ്റുകളിൽ ഒപ്പ് ചാർത്തിയത് വ്യത്യാസമുണ്ടെന്ന, പരിഹരിച്ചു നൽകാവുന്ന ചെറിയ കാരണങ്ങളാലും നിരസിക്കപ്പെട്ടു.

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഈ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ ഹർജി പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച റിവിഷൻ ഹർജിയും സമാനമായ കാരണങ്ങളാൽതന്നെ നിരസിക്കുകയുണ്ടായി.

3.സർക്കാർ മുമ്പാകെ നൽകിയ റിവിഷൻ ഹർജിയിൽ, സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടത് നിശ്ചിതയോഗ്യതയുള്ള സംരക്ഷിതാധ്യാപകരെയാണെന്ന് ബഹു. കേരള ഹൈക്കോടതി 2008(2) KLT

771 Deepa Augustine v Geetha Alex ന്റെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗം താങ്കളുടെ പരിഗണനയ്ക്കായി ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

**“Kerala Education Rules, 1959-Chap.XIVA R.43-Promotion to the post of High School Assistant-First question which is to be examined is the subject requirement of that vacancy and the person should be appointed who has the minimum qualification for teaching that subject – Paramount consideration should be the interest of the students”**

ഈ വിധിന്യായ പ്രകാരം ഇംഗ്ലീഷ് അധ്യാപക തസ്തികയുടെ യോഗ്യതയായ ഇംഗ്ലീഷ് ബിരുദവും ഇംഗ്ലീഷ് ബി.എഡും ഉള്ള അധ്യാപകർക്ക് മാത്രമേ അവർ സംരക്ഷിതാധ്യാപകരാണെങ്കിൽപോലും ഇംഗ്ലീഷ് തസ്തികയിൽ നിയമിക്കപ്പെടുവാൻ അർഹതയുള്ളൂ.

ബഹു. കേരള ഹൈക്കോടതി ഇംഗ്ലീഷ് എച്ച്.എസ്.ടി. നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച **2012 (2) KHC 442 Minimol C. v State of Kerala**-ന്റെ വിധിന്യായത്തിൽ, ഇംഗ്ലീഷ് തസ്തിക അനുവദിച്ചു കഴിഞ്ഞാൽ ഇംഗ്ലീഷ് അധ്യാപനത്തിന് യോഗ്യതയുള്ളവരെ മാത്രമേ, സംരക്ഷിതാധ്യാപരാണെങ്കിൽപ്പോലും നിയമിക്കുവാൻ അർഹതയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിധിന്യായത്തിന്റെ പ്രസക്തഭാഗം താഴെ നൽകുന്നു.

**“Kerala Education Rules, 1959-Chap.23, R.6(1)-HSA(English)-Sanctioning of post-Protected Teachers not qualified for teaching English cannot be recalled against vacancies in sanctioned post of HSA(English)”.**

ഈ വിധിന്യായത്തിനെതിരെ സർക്കാർ ബഹു. ഡിവിഷൻ ബെഞ്ച് മുമ്പാകെ സമർപ്പിച്ച കേസിലും സിംഗിൾ ബെഞ്ച് വിധിന്യായം ശരിവച്ചുകൊണ്ട് **2012 (2) KHC 750 State of Kerala v Minimol C.** വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി. പ്രസക്തഭാഗം താഴെ നൽകുന്നു.

**“Kerala Education Rules, 1959-Chap.23, R.6-Retrenched Teacher- Right to appoint-if vacancies arise in subjects which the retrenched teachers are qualified to teach, Management will get a right to make appointment only after repatriation of retrenched teachers who were retrenched from the very same school-R6.1 is not an absolute rule and has to be read along with the note”.**

ഈ വിധിന്യായങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ **07.08.2018**-ന് പുറപ്പെടുവിച്ച സ.ഉ.(സാധാ)നം. **3032/2018**/പൊ.വി.വ.ൽ

വിഷയാനുപാതം പാലിക്കാതെ മറ്റു വിഷയങ്ങളിൽ അധികമുള്ള അധ്യാപകരെ നിയമിക്കുവാൻ പാടുള്ളതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിന്റെ പ്രസക്തഭാഗം താഴെ നൽകുന്നു.

“ഇപ്രകാരം വിഷയാനുപാതം പാലിക്കാതെ മറ്റു വിഷയങ്ങളിൽ അധികമുള്ള അദ്ധ്യാപകരെ എച്ച്.എസ്.എ.(എൻ.എസ്) തസ്തികയിൽ നിലനിർത്തിയ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമവിരുദ്ധമാണ്”.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ നിന്നും, വടവന്നൂർ വേലായുധൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ, **2021-22** വർഷത്തിലേക്ക് ഇംഗ്ലീഷ് അധ്യാപക തസ്തികയാണ് അനുവദിച്ചിട്ടുള്ളതെന്നതിനാൽ, മേൽ വിധിന്യായങ്ങളുടെ ബലത്തിലും, സർക്കാരിന്റെ ഉത്തരവും പരിഗണിച്ച്, **15.07.2021** മുതൽ നിയമിക്കപ്പെട്ട ശ്രീമതി ദേവിക പി.എസ്.ന്റെ ഇംഗ്ലീഷ് എച്ച്.എസ്.ടി. നിയമനം അംഗീകാരാർഹമാണെന്ന് കാണുന്നതിനാൽ, അത് അംഗീകരിച്ചു നൽകുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അടിയന്തര നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

സമാനമായ സാഹചര്യത്തിൽ, സർക്കാർ നിർദ്ദേശിച്ചപ്രകാരം, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീമതി ടി.വി.ജ്യോതി, എച്ച്.എസ്.ടി. ഇംഗ്ലീഷ്, പറളി എച്ച്.എസ്.ലെ നിയമനവുമായി ബന്ധപ്പെട്ട് **16.09.2023**-ന് നൽകിയ ബി.**6/2949/2020** കെ.ഡി.എസ്. നമ്പർ ഉത്തരവിന്റെ പകർപ്പ് താങ്കളുടെ പരിഗണനയ്ക്കായി ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

**3.പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു :**

പാലക്കാട് ജില്ലയിലെ വടവന്നൂർ വി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(സോഷ്യൽ സയൻസ്) അദ്ധ്യാപകനായ ശ്രീ.രാജു ജോർജ് **01.05.2021**-ന് മരണപ്പെട്ടത് മൂലമുണ്ടായ ഒഴിവിലേക്കാണ് ശ്രീമതി ദേവിക. പി.എസ്.നെ മാനേജർ **15.07.2021** മുതൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ നിയമിച്ചത്. എന്നാൽ ടി അപേക്ഷ കെ.ഇ.ആർ അദ്ധ്യായം **14**എ ചട്ടം **8(3)**-ന്റെ വെളിച്ചത്തിൽ **11.08.2021**-ലെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നുള്ള ബി**2/25473/2021**/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

ശ്രീ.രാജു ജോർജ് **01.05.2021**-ന് മരണപ്പെട്ടത് മൂലമുണ്ടായ ഒഴിവിലേക്ക് **19.07.2021**-ലെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ബി**3/5719/2021** നമ്പർ ഉത്തരവ് പ്രകാരം എച്ച്.എസ്.ടി.(സോഷ്യൽ സയൻസ്) അദ്ധ്യാപികയായ ശ്രീമതി ലിൻസി ജോസഫിനെ മാതൃവിദ്യാലയത്തിലേക്ക് തിരിച്ചു വിളിച്ച് ഉത്തരവായതിനാൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ വ്യവസ്ഥാപിതമായ

ഒഴിവ് നിലനിൽക്കുന്നില്ല. ടിയാരി 30.07.2021-ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

വടവന്നൂർ വി.എം.എച്ച്.എസ്. ന്യൂ സ്കൂൾ ഗണത്തിൽപ്പെടുന്നതായതിനാൽ 03.12.2016-ലെ ജി.ഒ.(പി) 199/2016/പൊ.വി.വ. പ്രകാരം, പുതുതായി തുടങ്ങിയ സ്കൂളുകളിൽ വരുന്ന എല്ലാ ഒഴിവുകളും സംരക്ഷിതാധ്യാപക പട്ടികയിൽ നിന്ന് നിയമിക്കേണ്ടതായുണ്ട്. എച്ച്.എസ്.ടി.(സോഷ്യൽ സയൻസ്) അദ്ധ്യാപകനായ ശ്രീ.അഭിലാഷ് തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാദ്ധ്യാപക ലിസ്റ്റിൽ തുടർന്ന് വരുകയാണ്. കൂടാതെ ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ല.

2002-നു മുൻപ് നിയമനം കിട്ടിയ കോർ വിഷയത്തിലെ അദ്ധ്യാപകൻ പുറത്തു പോകുന്നത് ഒഴിവാക്കുവാൻ അവരെ ഇംഗ്ലീഷ് തസ്തികയിൽ നിലനിർത്താവുന്നതാണ്. എച്ച്.എസ്.ടി.(സോഷ്യൽ സയൻസ്) അദ്ധ്യാപകനാണ് മരണപ്പെട്ടതും, ടി ഒഴിവിലേക്ക് നിലവിൽ തസ്തിക നഷ്ടപ്പെട്ട 16.11.2002-ന് മുൻപ് നിയമനം നേടി 51എ അവകാശം ലഭിച്ച എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അദ്ധ്യാപികയായ ശ്രീമതി ലിൻസി ജോസഫിനെ തിരിച്ചു വിളിക്കുകയും ചെയ്തിട്ടുള്ളതിനാൽ, ശ്രീമതി ദേവികയുടെ നിയമനം അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥാപിത ഒഴിവ് നിലവിലില്ല.

ആയതിനാൽ ശ്രീമതി ദേവിക പി.എസ്.ന്റെ 15.07.2021 മുതൽക്കുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം പരിഗണനാർഹമല്ല എന്ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, വ്യവസ്ഥാപിതമായ ഒഴിവ് നിലവിൽ ഇല്ലാത്തതിനാൽ ശ്രീമതി ദേവിക പി.എസ്.ന്റെ 15.07.2021 മുതൽക്കുള്ള എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ നിയമനം പരിഗണനാർഹമല്ല എന്ന് അഭിപ്രായപ്പെടുന്നു.

**4.പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയ അധിക വിവരങ്ങൾ**

പാലക്കാട് വടവന്നൂർ വി എം എച്ച് എസ് ലെ 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവനുസരിച്ച് സോഷ്യൽ സയൻസിന് 2 തസ്തികകളും ഇംഗ്ലീഷിന് 2 തസ്തികകളും അനുവദിച്ചിരുന്നു. 2019-20 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം നടക്കുന്നത് വരെ സോഷ്യൽ സയൻസ് തസ്തികയിൽ ജോലി ചെയ്തിരുന്ന 4 പേരിൽ (ഗിരീഷ് കുമാർ.പി.ജി, രാജു ജോർജ്, കൃപലാജ്.വി, ലിൻസി ജോസഫ്) - 2 പേർക്ക് 2019-20 ലെ തസ്തിക നിർണ്ണയശേഷം സോഷ്യൽ സയൻസ് തസ്തികകൾ നഷ്ടപ്പെട്ടു. ആ വർഷം ഇംഗ്ലീഷിൽ അഞ്ജലി എസ്.നായർ മാത്രമാണ് സർവീസിൽ ഉണ്ടായിരുന്നത്. തസ്തിക നഷ്ടപ്പെട്ട കൃപലാജ് വി.യെ ഇംഗ്ലീഷ് തസ്തികയിൽ നിലനിർത്തുകയും ലിൻസി ജോസഫിനെ സംരക്ഷിതാധ്യാപക പട്ടികയിൽ ഉൾപ്പെടുത്തി

പുനർവിന്യസിക്കുകയും ചെയ്തു. 01/05/2021-ന് സോഷ്യൽ സയൻസ് അധ്യാപകനായ രാജു ജോർജ് നിര്യാതനായ ഒഴിവിൽ നേരത്തെ പുനർവിന്യസിക്കപ്പെട്ട ലിൻസി ജോസഫിനെ തിരിച്ചു വിളിക്കുകയും 2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ ശ്രീമതി ലിൻസി ജോസഫിനെ ഇംഗ്ലീഷ് തസ്തികയിലേക്ക് മാറ്റി കൃപലാജ് വി.യെ സോഷ്യൽ സയൻസിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു.

2022-23 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിലും സോഷ്യൽ സയൻസിനും ഇംഗ്ലീഷിനും 2 വീതം തസ്തികകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഗിരീഷ് കുമാർ പി.ജി., കൃപലാജ് വി. എന്നിവരെ സോഷ്യൽ സയൻസിലും അഞ്ജലി എസ്.നായർ, ലിൻസി ജോസഫ് എന്നിവരെ ഇംഗ്ലീഷിലും നിലനിർത്തി. 2023-24 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഗിരീഷ് കുമാർ പി.ജി.ക്ക് 01/06/2023 മുതൽ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ ലിൻസി ജോസഫിനെ 01/06/2023 മുതൽ എച്ച്.എസ്.ടി സോഷ്യൽ സയൻസ് തസ്തികയിലേക്ക് മാറ്റി നിയമിച്ചു. ഇംഗ്ലീഷ് തസ്തികയിൽ അഞ്ജലി എസ്.നായരും പുതിയതായി നിയമിക്കപ്പെട്ട ദേവിക പി.എസ്.ഉം ജോലി ചെയ്തു വരുന്നു. 2023-24 വർഷം മുതൽ സോഷ്യൽ സയൻസ് തസ്തികയിൽ സോഷ്യൽ സയൻസ് അധ്യാപകരും ഇംഗ്ലീഷ് തസ്തികയിൽ ഇംഗ്ലീഷ് അധ്യാപകരും ജോലി ചെയ്തുവരുന്ന വിവരം അറിയിക്കുന്നു.

5. സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിലെ ഹർജിക്കാരിയുടെ 15.07.2021 മുതലുള്ള നിയമനം അംഗീകരിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ചുവടെ കൊടുക്കുന്നു :

1. ടി സ്കൂളിലെ എച്ച്.എസ്.ടി.(സോഷ്യൽ സയൻസ്) അധ്യാപകനായിരുന്ന രാജു ജോർജ് 01.05.2021-ന് മരണപ്പെട്ടതു മൂലമുണ്ടായ ഒഴിവിൽ മാനേജർ ഹർജിക്കാരിയെ 15.07.2021 മുതൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ആയി നിയമിച്ചെങ്കിലും കെഇആർ അധ്യായം 14 A ചട്ടം 8(3) പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി നിയമനം നിരസിച്ചു എന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

2. എന്നാൽ EXT P1 (Appointment Order)-ൽ പറഞ്ഞിരിക്കുന്നത് ...in the vacancy of Existing HST English Post Retained. Sri Kripalaj Social Science shifted to the vacancy of Raju George HST SS died on 01.05.2021" എന്നാണ്. The appointment

**is approved** എന്നും അതിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

**3.** രാജു ജോർജ് മരണപ്പെട്ടതുമൂലമുണ്ടായ എച്ച്.എസ്.ടി. (എസ്.എസ്) ഒഴിവിൽ ടി സ്കൂളിലെ തന്നെ എച്ച്.എസ്.ടി. (എസ്.എസ്)-ഉം **51A** അവകാശിയുമായ ശ്രീമതി ലിൻസി ജോസഫിനെ മാതൃസ്കൂളിലേക്ക് തിരിച്ചു വിളിക്കുകയും ടിയാൾ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തുവെന്നും, ടി സ്കൂൾ ന്യൂ സ്കൂൾ ഗണത്തിൽപ്പെടുന്നതിനാൽ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടത് ഉണ്ടെന്നും ടി സ്കൂളിലെ എച്ച്.എസ്.ടി. (എസ്.എസ്) ശ്രീ. അഭിലാഷ് തസ്തിക നഷ്ടപ്പെട്ട് സംരക്ഷിതാധ്യാപക ലിസ്റ്റിൽ തുടരുന്നുവെന്നും, ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ലെന്നും, ഹർജിക്കാരിയെ നിയമിക്കുവാൻ വ്യവസ്ഥാപിത ഒഴിവ് ലഭ്യമല്ലെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

**4. 2019-20** വർഷത്തെ തസ്തിക നിർണയത്തിൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്)-ന്റെ **2** തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും, ബഹു. കേരള ഹൈക്കോടതി **2008(2) KLT 771 Deepa Augustine Vs Geetha Alex**-ന്റെ വിധിന്യായത്തിൽ, ഇംഗ്ലീഷ് അധ്യാപക തസ്തികയുടെ യോഗ്യതയായ ഇംഗ്ലീഷ് ബിരുദവും ഇംഗ്ലീഷ് ബി.എഡും ഉള്ള അധ്യാപകർക്ക് മാത്രമേ അവർ സംരക്ഷിതാധ്യാപകർ ആണെങ്കിൽ പോലും ഇംഗ്ലീഷ് തസ്തികയിൽ നിയമിക്കപ്പെടുവാൻ അർഹതയുള്ളൂവെന്നു പ്രസ്താവിച്ചിട്ടുണ്ടെന്നും, **2012(2) KHC 442 Minimol C Vs State of Kerala**-ന്റെ വിധിന്യായത്തിൽ, ഇംഗ്ലീഷ് തസ്തിക അനുവദിച്ചു കഴിഞ്ഞാൽ ഇംഗ്ലീഷ് അധ്യാപനത്തിന് യോഗ്യതയുള്ളവരെ മാത്രമേ, സംരക്ഷിതാധ്യാപകരാണെങ്കിൽ പോലും നിയമിക്കുവാൻ അർഹതയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും, **07.08.2018**-ലെ **G.O.(Rt)No.3032/2018/GEDN**-ൽ വിഷയാനുപാതം പാലിക്കാതെ മറ്റു വിഷയങ്ങളിൽ അധികമുള്ള അധ്യാപകരെ നിയമിക്കുന്ന നടപടി ക്രമവിരുദ്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും, ടി കാര്യങ്ങൾ പരിഗണിച്ച് **2021-2022**-ൽ അനുവദിച്ച എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിൽ ഹർജിക്കാരിക്ക് **15.07.2021** മുതൽ നിയമനാംഗീകാരം നൽകണമെന്നും ഹർജിക്കാരിയും മാനേജരും വാദിക്കുന്നു.

**2019-20** വർഷത്തെ തസ്തിക നിർണയ ഉത്തരവിൽ സോഷ്യൽ സയൻസിന് **2** തസ്തികകളും ഇംഗ്ലീഷിന് **2** തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഹർജിക്കാരിയുടെ നിയമന ഉത്തരവ് **(EXT P1)** പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നത് ഒരു എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിൽ നിലനിന്നിരുന്ന എച്ച്.എസ്.ടി. (എസ്.എസ്) ശ്രീ.കൃപലാജിനെ രാജു ജോർജിന്റെ മരണത്തെ തുടർന്നുള്ള എച്ച്.എസ്.ടി. (എസ്.എസ്) ഒഴിവിലേക്ക് ഷിഫ്റ്റ് ചെയ്യുകയും, തന്മൂലം തിരികെ ലഭിച്ച എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിൽ ഹർജിക്കാരിയെ **15.07.2021** മുതൽ

നിയമിച്ചു എന്നുമാണ്.

KER CHAPTER XXIII ചട്ടം 6 (I) പ്രകാരം എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിൽ യോഗ്യതയുള്ള അധ്യാപകരെ ഘട്ടംഘട്ടമായി നിയമിക്കേണ്ടതാണ്. 2019-20-ലെ തസ്തിക നിർണ്ണയശേഷം 2 സോഷ്യൽ സയൻസ് തസ്തികകൾ നഷ്ടപ്പെട്ടു. ആ വർഷം 2 എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തിക ഉള്ളതിൽ ഒന്നിൽ മാത്രമാണ് എച്ച്.എസ്.ടി.(ഇംഗ്ലീഷ്) അദ്ധ്യാപിക ജോലി ചെയ്തിരുന്നത്. തസ്തിക നഷ്ടപ്പെട്ട എച്ച്.എസ്.ടി.(എസ്.എസ്.) കൃപലാജ് വി.യെ ഇംഗ്ലീഷ് തസ്തികയിൽ നിലനിർത്തുകയും ലിൻസി ജോസഫിനെ സംരക്ഷിതാധ്യാപക പട്ടികയിൽ ഉൾപ്പെടുത്തി പുനർവിന്യസിക്കുകയും ചെയ്തു.

01/05/2021-ന് സോഷ്യൽ സയൻസ് അധ്യാപകനായ രാജു ജോർജ് നിര്യാതനായ ഒഴിവിൽ നേരത്തെ പുനർവിന്യസിക്കപ്പെട്ട ലിൻസി ജോസഫിനെ തിരിച്ചു വിളിക്കുകയാണുണ്ടായത്. സംരക്ഷിതാധ്യാപക പട്ടികയിൽ ഉൾപ്പെടുത്തി പുനർവിന്യസിച്ചിരുന്ന അദ്ധ്യാപികയാണ് ശ്രീമതി ലിൻസി ജോസഫ്. ടിയാളെ തിരികെ വിളിച്ചതിലൂടെ കുട്ടികൾക്ക് ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് യോഗ്യതയുള്ള അധ്യാപകരെ ലഭിക്കുന്നതിനുള്ള അവകാശത്തെ ഹനിക്കുകയാണ് ചെയ്തിട്ടുള്ളത്. കൂടാതെ, ഇതേ വിഷയത്തിലുള്ള WP(C)No.23159/2018-ന്മേൽ 10.08.2021-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിലെ (P138-161)നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് യോഗ്യതയുള്ള അധ്യാപകരെ തന്നെയാണ് നിയമിക്കേണ്ടത്.

2002-നു മുൻപ് നിയമനം കിട്ടിയ കോർ വിഷയത്തിലെ അദ്ധ്യാപകൻ പുറത്തു പോകുന്നത് ഒഴിവാക്കുവാൻ അവരെ ഇംഗ്ലീഷ് തസ്തികയിൽ നിലനിർത്താവുന്നതാണ്. 17.6.2009 ലെ ജിഒ(എം.എസ്) 132/2009/പൊ.വി.വ പ്രകാരം 16.11.2002 നു മുൻപ് നിയമനം നേടി കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 51 എ അവകാശം ലഭിച്ച എച്ച്. എസ്.ടി കോർ സബ്ജക്ട് അധ്യാപകർക്ക് 16.11.2002 നു ശേഷം വന്ന ഒഴിവുകളിൽ 7.1.2002 നു മുൻപ് നിലനിന്നിരുന്ന 1:1:1 വിഷയാനുപാതത്തിനു അർഹത ഉണ്ടായിരിക്കുന്നതാണെന്ന് ഉത്തരവായിരുന്നു. എച്ച്.എസ്.ടി.(സോഷ്യൽ സയൻസ്) അദ്ധ്യാപകനാണ് മരണപ്പെട്ടതും, ടി ഒഴിവിലേക്ക് നിലവിൽ തസ്തിക നഷ്ടപ്പെട്ട 16.11.2002-ന് മുൻപ് നിയമനം നേടി 51എ അവകാശം ലഭിച്ച എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അദ്ധ്യാപികയായ ശ്രീമതി ലിൻസി ജോസഫിനെ തിരിച്ചു വിളിക്കുകയും ചെയ്തിട്ടുള്ളതിനാൽ, ശ്രീമതി ദേവികയുടെ നിയമനം അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥാപിത ഒഴിവ് നിലവിലില്ല.

6. മേൽ സാഹചര്യത്തിൽ പാലക്കാട് റവന്യു ജില്ലയിലെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന വേലായുധൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീമതി ദേവിക പി.എസ്.ന്റെ **15.07.2021** മുതൽക്കുള്ള എച്ച്.എസ്.ടി (ഇംഗ്ലീഷ്) തസ്തികയിലെ നിയമനം പരിഗണനാർഹമല്ലെന്ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി **Ext.P8** റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം ശ്രീമതി ദേവിക പി.എസ്. ഫയൽ ചെയ്ത **WP(C)No.20935/24** കേസ്സിന്മേൽ ബഹു ഹൈകോടതി പുറപ്പെടുവിച്ച **11.12.2024** തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി ദേവിക പി.എസ്, എച്ച്.എസ്.ടി.(ഇംഗ്ലീഷ്), വേലായുധൻ മെമ്മോറിയൽ എച്ച്.എസ്.എസ്,വടവന്നൂർ,പാലക്കാട്
മാനേജർ, വേലായുധൻ മെമ്മോറിയൽ എച്ച്.എസ്.എസ്,വടവന്നൂർ,പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/176/2025-G.EDN dated : 23/09/2025)
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 04-12-2025 11:10:32
സെക്ഷൻ ഓഫീസർ